"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനകാര്യം - ശ്രീ. പ്രിൻസ് സി. എസ്., അണ്ടർ സെക്രട്ടറി (ഹയർ ഗ്രേഡ്), ധനകാര്യ വകുപ്പ് -ന്റെ കേരള കർഷക ക്ഷേമനിധി ബോർഡ് ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്ര സേവനം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ആസൂത്രണം-ബി) വകുപ്പ്

സ.ഉ.(സാധാ) നം.598/2025/AGRI തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-
1. സ.ഉ (സാധാ) നം. 432/2021/കൃഷി, തീയതി 24.05.2021
2. സ.ഉ.(സാധാ) നം. 584/2022/കൃഷി, തീയതി 01.07.2022
3. സ.ഉ.(സാധാ) നം. 674/2023/കൃഷി, തീയതി 07.07.2023
4. സ.ഉ.(സാധാ) നം. 565/2024/കൃഷി, തീയതി 22.06.2024
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക ക്ഷേമനിധി ബോർഡ് -ന്റെ 08.05.2025 -ലെ A1/38/2021/KFWFB നമ്പർ കത്ത്.

**ഉത്തരവ്**

ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ. പ്രിൻസ് സി.എസ് -നെ പരാമർശം (1) പ്രകാരം കേരള കർഷക ക്ഷേമനിധി ബോർഡ് ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുകയും പരാമർശം (2), (3) & (4) പ്രകാരം ടി ഉദ്യോഗസ്ഥന്റെ പ്രസ്തുത തസ്തികയിലെ അന്യത്ര സേവനം തുടർന്നുള്ള മൂന്ന് വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു.

2. പരാമർശം (5) ലെ കത്ത് പ്രകാരം ടി ഉദ്യോഗസ്ഥന്റെ കേരള കർഷക ക്ഷേമനിധി ബോർഡ് ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്ര സേവന കാലാവധി 30.06.2025 -ൽ അവസാനിക്കുകയാണെന്നും ടി തസ്തികയിലെ സേവന കാലാവധി 01.07.2025 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകണമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക ക്ഷേമനിധി ബോർഡ് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി (ഹയർ ഗ്രേഡ്) ആയ ശ്രീ. പ്രിൻസ് സി എസ് - ന്റെ കേരള കർഷക ക്ഷേമനിധി ബോർഡ് ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി നിലവിലെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി 01.07.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി (5-ാം തവണ) ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജാഫർഖാൻ.എസ്

അഡിഷണൽ സെക്രട്ടറി

ശ്രീ. പ്രിൻസ് സി. എസ്, അണ്ടർ സെക്രട്ടറി (ഹയർ ഗ്രേഡ്), ധനകാര്യ (ഫിനാൻസ് ഓഫീസർ, കേരള കർഷക ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ (ഭരണം-എ) വകുപ്പ് (02.05.2025-ലെ 1697899/ഭരണം-എ2/43/2021-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് (10.06.2025-ലെ SPL-E2/153/2025-GAD നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി **(അഗ്രി-പിബി1/141/2025)**

ഉത്തരവിൻ പ്രകാരം

Signed by

Nisha T K

Date: 13-06-2025 17:04:17

സെക്ഷൻ ഓഫീസർ